# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – T 4227 17.05.2017- ൽ മറുപടിയ്ക്ക്

## വിദേശ ജയിലുകളിൽ കിടക്കുന്ന മത്സ്യത്തൊഴിലാളികളുടെ മോചനത്തിന് നടപടി

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. അബ്ദുൾ ഹമീദ് പി. | | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ, മലയാളികളായ എത്ര മത്സ്യത്തൊഴിലാളികളെ വിദേശ രാജ്യങ്ങൾ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ ; | എ) | വിദേശ രാജ്യങ്ങളിൽ അറസ്റ്റ് ചെയ്യപ്പെടുന്ന ഇന്ത്യാക്കാരിൽ എത്ര മലയാളികൾ ഉൾപ്പെടുന്നു എന്ന ഇനം തിരിച്ച് കൃത്യമായ കണക്ക് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. |
| ബി) നിലവിൽ എത്ര മത്സ്യത്തൊഴിലാളികൾ വിദേശ ജയിലുകളിൽ കിടക്കുന്നുണ്ട്; വ്യക്തമാക്കുമോ;<br><br>സി) ഇത്തരത്തിൽ വിദേശ ജയിലുകളിൽ കിടക്കുന്ന മത്സ്യത്തൊഴിലാളികളുടെ മോചനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | ബി) & സി) | 2017 ഫെബ്രുവരി 5 ന് കൊച്ചിയിൽ നിന്നും മത്സ്യബന്ധനത്തിന് പോയ വിഴിഞ്ഞം സ്വദേശികളായ 7 മലയാളികൾ ഉൾപ്പെടെ 32 ഇന്ത്യാക്കാരായ മത്സ്യത്തൊഴിലാളികൾ അതിർത്തി ലംഘിച്ച് ബ്രിട്ടീഷ് അധീനതയിലുള്ള ഡീഗോ ഗാർഷ്യ ദ്വീപിൽ മത്സ്യബന്ധനം നടത്തിയതിന് അവിടെ അറസ്റ്റ് ചെയ്ത് ജയിലിലടക്കപ്പെടുകയുണ്ടായി. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ, ബ്രിട്ടീഷ് ഹൈക്കമ്മീഷണർ, അമേരിക്കയിലെ ഇന്ത്യൻ അംബാസ്സഡർ, കേന്ദ്ര വിദേശ കാര്യ മന്ത്രാലയം എന്നിവരുമായി നടത്തിയ ഇടപെടൽ മൂലം, ഇവരെ തിരികെ നാട്ടിലെത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ